ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:06.01.2025**

## പ്രധാനവാർത്തകൾ

1). **കർണാടകയിൽ രണ്ട് ഹ്യൂമൻ മെറ്റാ ന്യൂമോവൈറസ് കേസുകൾ സ്ഥിരീകരിച്ചു. നിരീക്ഷണം ശക്തമാക്കി ആരോഗ്യമന്ത്രാലയം.**

2) **രാജ്യത്ത് വിവിധ റെയിൽവേ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും.**

3). **ഇടുക്കി, പുല്ലുപാറയ്ക്ക് സമീപം കെ.എസ്.ആർ.ടി.സി ബസ് കൊക്കയിലേക്ക് മറിഞ്ഞ് നാല് പേർ മരിച്ചു. 33 യാത്രക്കാർക്ക് പരിക്കേറ്റു.**

4). **ഫോറസ്റ്റ് ഡിവിഷൻ ഓഫീസ് ആക്രമണവുമായി ബന്ധപ്പെട്ട കേസിൽ റിമാൻഡിൽ കഴിയുന്ന പി.വി അൻവർ എം. എൽ.എ അൽപ്പസമയത്തിനകം നിലമ്പൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ജാമ്യാപേക്ഷ നൽകും.**

5). **നിയമസഭയുടെ ബജറ്റ് സമ്മേളനം ഈ മാസം 17-ന് ആരംഭിക്കും. ഫെബ്രുവരി ഏഴിനാണ് ബജറ്റ് അവതരണം.**

6). **ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ എഫ്.സി - മുംബൈ സിറ്റി എഫ്.സി യെ നേരിടും.**

==========================================

RNUTVPM

## എച്ച്.എം.പി.വി വൈറസ്

കർണാടകയിൽ രണ്ട് ഹ്യുമൻ മെറ്റാ ന്യൂമോവൈറസ് കേസുകൾ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് സ്ഥിരീകരിച്ചു. 3 മാസം പ്രായമുള്ള പെൺകുഞ്ഞിനും 8 മാസം പ്രായമുള്ള ആൺകുഞ്ഞിനുമാണ് HMPV രോഗം സ്ഥിരീകരിച്ചത്. രണ്ട് രോഗികൾക്കും അന്താരാഷ്ട്ര യാത്രാ ചരിത്രമില്ല. ആരോഗ്യ മന്ത്രാലയം നിരീക്ഷണം ശക്തമാക്കി. അവശ്യ ഘട്ടത്തിൽ പൊതുജനാരോഗ്യ ഇടപെടലുകൾ ഉടൻ നടപ്പാക്കാൻ രാജ്യം സജ്ജമാണ്. ഇൻ്റഗ്രേറ്റഡ് ഹെൽത്ത് ഇൻഫർമേഷൻ പ്ലാറ്റ്ഫോം പോർട്ടലിലൂടെ ഇൻഫ്ലുവൻസയും, ശ്വസന സംബന്ധമായ അസുഖങ്ങളും റിപ്പോർട്ട് ചെയ്യാൻ ആശുപത്രികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കർശനമായ ഐസൊലേഷൻ പ്രോട്ടോക്കോളുകളും സംശയാസ്പദമായ കേസുകളിൽ മുൻകരുതലുകളും നിർബന്ധമാക്കി.

RNU TVPM

===========================================

## പ്രധാനമന്ത്രി- ജമ്മു കശ്മീർ

രാജ്യത്ത് വിവിധ റെയിൽവേ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കും. പുതിയ ജമ്മു റെയിൽവേ ഡിവിഷൻ, തെലങ്കാനയിലെ ചാർലപ്പള്ളി ന്യൂ ടെർമിനൽ സ്റ്റേഷൻ ഉദ്ഘാടനവും ഈസ്റ്റ് കോസ്റ്റ് റെയിൽവേയുടെ കീഴിൽ പുതിയ റെയിൽവേ ഡിവിഷൻ കെട്ടിടത്തിൻറെ ശിലാസ്ഥാപനവും ഇതിൽ ഉൾപ്പെടും.

===========================================

## ഇടുക്കി ബസ് അപകടം

ഇടുക്കി ജില്ലയിലെ പുല്ലുപാറക്ക് സമീപം കെ.എസ്.ആർ.ടി.സി ബസ് കൊക്കയിലേക്ക് മറിഞ്ഞ് മാവേലിക്കര സ്വദേശികളായ നാല് പേർ മരിച്ചു. പരിക്കേറ്റ 33 പേർ ആശുപത്രിയിൽ ചികിത്സയിലാണ്.

**വിശദാംശങ്ങളുമായി ആകാശവാണി**
**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..**
**(വോയിസ്........)**

===========================================

**<u>കെ.ബി ഗണേഷ് കുമാർ -ഇടുക്കി</u>**

ഇടുക്കി പുല്ലുപാറയിൽ KSRTC ബസ് മറിഞ്ഞ സംഭവത്തിൽ അടിയന്തിര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എൻഫോഴ്സ്മെൻറ് വിഭാഗം ജോയിൻറ് ട്രാൻസ്പോർട്ട് കമ്മീഷണർക്ക് മന്ത്രി കെ. ബി. ഗണേഷ് കുമാർ നിർദ്ദേശം നൽകി.

RNU TVPM

===========================================

**<u>ഇടുക്കി അപകടം-സന്ദർശനം</u>**

മന്ത്രിമാരായ റോഷി അഗസ്റ്റിൻ, വി എൻ വാസവൻ, ജില്ലാ കളക്ടർ വി വിഗ്നേശ്വരി, സെബാസ്റ്റ്യൻ കൊളുത്തിങ്കൽ എംഎൽഎ തുടങ്ങിയവർ പരിക്കേറ്റവരെ പ്രവേശിപ്പിച്ചിട്ടുള്ള മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെത്തി.

===========================================

**<u>പി.വി അൻവർ എം.എൽഎ - (ഇൻട്രോ)</u>**

നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ ഓഫീസ് ആക്രമണവുമായി ബന്ധപ്പെട്ട കേസിൽ അറസ്റ്റിലായി, തവനൂർ സെൻട്രൽ ജയിലിൽ റിമാൻഡിൽ കഴിയുന്ന പി.വി അൻവർ എം.

എൽ.എ നിലമ്പൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ജാമ്യാപേക്ഷ നൽകും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു....**
**(വോയിസ്...........)**

==========================================

**അൻവർ - പ്രതികരണം**

പി വി അൻവറിനെ അറസ്റ്റ് ചെയ്ത രീതി ശരിയായില്ലെന്ന് മുസ്ലിം ലീഗ് നേതാവ് പി കെ കുഞ്ഞാലികുട്ടി. അൻവറിൻറെ പ്രതിഷേധം പൊതുജനതാല്പര്യമനുസരിച്ചാണെന്നും കുഞ്ഞാലികുട്ടി പറഞ്ഞു. പി.വി. അൻവറിൻറെ അറസ്റ്റ് സി.പി.എമ്മിൻറെ പ്രതികാര രാഷ്ട്രീയമാണെന്നും ഇതിന് പിന്നിൽ ഗൂഡാലോചനയുണ്ടെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ വാർത്താക്കുറിപ്പിലൂടെ അറിയിച്ചു.

==========================================

**നിയമസഭാ സമ്മേളനം**

നിയമസഭ ബജറ്റ് സമ്മേളനം ഈ മാസം 17-ന് ആരംഭിക്കും. ഗവർണർ രാജേന്ദ്ര ആർലേക്കർ 17-ന് നയപ്രഖ്യാപനം നിർവ്വഹിക്കും. 20 മുതൽ 22 വരെ നന്ദിപ്രമേയത്തിൽ ചർച്ച നടത്തും. ഫെബ്രുവരി ഏഴിന് ധനമന്ത്രി കെ.എൻ ബാലഗോപാൽ സംസ്ഥാന ബജറ്റ് അവതരിപ്പിക്കും. മാർച്ച് നാല് മുതൽ ധനാഭ്യർത്ഥന ചർച്ച നടക്കും. 27-ന് ധനവിനിയോഗ ബിൽ പാസാക്കി 28-ന് സമ്മേളനം പൂർത്തിയാകും വിധമാണ് സമ്മേളന തീയതികൾ വിജ്ഞാപനം ചെയ്തിട്ടുള്ളത്.

==========================================

RNUTVPM

**ബ്രേക്ക്.....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

========================================

**ഐ.എസ്.എൽ**

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ എഫ്.സി - മുംബൈ സിറ്റി എഫ്.സി യെ നേരിടും. രാത്രി 7.30-ന് കൊൽക്കത്തയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് എഫ്.സി യ്ക്കെതിരെ കേരളാ ബ്ലാസ്റ്റേഴ്സ് ഏകപക്ഷീയമായ ഒരു ഗോളിന് വിജയിച്ചു. ഈ മാസം 13-ന് ഒഡിഷയ്ക്കെതിരെ കൊച്ചിയിലാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്ത മത്സരം.

========================================

**ദേശീയ വോളിബോൾ**

ദേശീയ വോളിബോൾ ചാമ്പ്യൻഷിപ്പിന് നാളെ ജയ്പൂരിൽ തുടക്കമാകും. കേരളത്തിന്റെ പുരുഷ ടീമിനെ യു. അബ്ദുൽ റഹീമും, വനിതാ ടീമിനെ അശ്വതി രവീന്ദ്രനും നയിക്കും.

RNU TVPM

========================================

**ആർ ബിന്ദു -പാലക്കാട് - (ഇൻട്രോ)**

ഇന്നോവേഷൻ ,ഇൻക്യൂബേഷൻ, സ്റ്റാർട്ടപ്പ് അന്തരീക്ഷം എല്ലാ സാങ്കേതിക കലാലയങ്ങളിലും കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി ആർ ബിന്ദു. പാലക്കാട് ഗവൺമെൻറ് പോളിടെക്നിക്കിൽ ജെൻ റോബോട്ടിക്സ് പ്രൊഡക്ഷൻ യൂണിറ്റ് ഉദ്ഘാടനം മന്ത്രി ഉദ്ഘാടനം ചെയ്തു.

**(ഹോൾഡ് വോയിസ്.......)**

========================================

## സ്കൂൾ കലോത്സവം

63 ആമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ മൂന്നാം ദിനം 25 വേദികളിലായി മത്സരങ്ങൾ പുരോഗമിക്കുന്നു. 118 മത്സരങ്ങൾ പൂർത്തിയായപ്പോൾ കണ്ണൂരാണ് മുന്നിൽ. തൃശൂർ രണ്ടാം സ്ഥാനത്തും. കോഴിക്കോടാണ് മൂന്നാം സ്ഥാനത്തുമാണ്. തിരുവനന്തപുരം കാർമൽ ഹയർ സെക്കൻഡറി സ്കൂളാണ് ഒന്നാം സ്ഥാനത്ത്.

==========================================

## കണ്ണൂർ എ.ഡി.എം

കണ്ണൂർ എഡിഎം നവീൻ ബാബുവിൻറെ മരണം സംബന്ധിച്ച അന്വേഷണം സിബിഐ യ്ക്ക് വിടണമെന്ന് ആവശ്യപ്പെട്ട് ഭാര്യ സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണം തുടരാം എന്ന് ഹർജി പരിഗണിച്ച ജസ്റ്റിസ് കൗസർ എടപ്പഗത്ത് വ്യക്തമാക്കി. അന്വേഷണം സ്വതന്ത്രവും നീതിയുക്തവും ആയിരിക്കണമെന്ന് കോടതി നിർദ്ദേശിച്ചു. കണ്ണൂർ റെയിഞ്ച് ഡി.ഐ.ജി അന്വേഷണത്തിന് മേൽനോട്ടം വഹിക്കണമെന്നും ശരിയായ രീതിയിൽ അന്വേഷണം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം എന്നും കോടതി ആവശ്യപ്പെട്ടു. അന്വേഷണ പുരോഗതി ഹർജിക്കാരിയെ അറിയിക്കണം. ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ അന്വേഷണത്തിന് വിധേയമാക്കണം. അന്വേഷണം പൂർത്തിയാക്കിയാൽ റിപ്പോർട്ടിൻറെ കരട് ഡി.ഐ.ജിക്ക് സമർപ്പിക്കണമെന്നും, അദ്ദേഹത്തിൻറെ അനുമതിയോടുകൂടി മാത്രമേ അന്തിമ റിപ്പോർട്ട് സമർപ്പിക്കാവൂ എന്നും കോടതി നിർദ്ദേശിച്ചു.

PNU TVPM

==========================================

## കണ്ണൂർ - പുലി

കണ്ണൂർ മുഴക്കുന്ന് പഞ്ചായത്തിലെ കാക്കയങ്ങാട് ജനവാസ കേന്ദ്രത്തിൽ പുലി കെണിയിൽ കുടുങ്ങി. കാക്കയങ്ങാട് ടൗണിന് സമീപം സ്വകാര്യ വ്യക്തികളുടെ പറമ്പിലാണ് പുലിയെ കയറിൽ കുടുങ്ങിയ നിലയിൽ കണ്ടത്. പോലീസും വനം വകുപ്പും സ്ഥലത്തെത്തി. ഗ്രാമപഞ്ചായത്ത് പരിധിയിൽ പുലിയുടെ സാന്നിധ്യം കണ്ടതിനാൽ നാളെ വൈകിട്ട് അഞ്ച് മണി വരെ പൊതുജനങ്ങൾ ഒത്തുകൂടുന്നത് നിരോധിച്ച് കണ്ണൂർ ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു.

==========================================

## എരുമേലി പേട്ടതുള്ളൽ

ചരിത്രപ്രസിദ്ധമായ എരുമേലി പേട്ടതുള്ളലിനായുള്ള അമ്പലപ്പുഴ സംഘം ഇന്ന് രാവിലെ പുറപ്പെട്ടു. മാളികപ്പുറങ്ങൾ ഉൾപ്പെടെ 250 പേർ രഥഘോഷയാത്രയെ അനുഗമിക്കുന്നുണ്ട്. സംഘം പത്തിന് എരുമേലിയിലെത്തും. 11-നാണ് പ്രസിദ്ധമായ എരുമേലി പേട്ടതുള്ളൽ.

RNUTVPM

==========================================

## സിറോ മലബാർ - സമ്മേളനം

സിറോ മലബാർ സഭാ ബിഷപ്പുമാരുടെ 33-ാമത് സിനഡിന്റെ ആദ്യ സമ്മേളനം കാക്കനാട് മൗണ്ട് സെന്റ് തോമസിലെ സഭാ ആസ്ഥാനത്ത് ചേരുന്നു. ഇന്ത്യയിലും വിദേശത്ത് നിന്നുമായി 54 ബിഷപ്പുമാർ യോഗത്തിൽ പങ്കെടുക്കും. ജനുവരി 11-ന് സിനഡ് സമാപിക്കും.

==========================================

**ജൈവ മാലിന്യം-വിവരശേഖരണം**

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൻറെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വീടുകളിലെയും സ്ഥാപനങ്ങളിലെയും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഗുണനിലവാരം വിലയിരുത്താനുള്ള സർവേയ്ക്ക് തുടക്കമായി. ഉറവിട ജൈവമാലിന്യ സംസ്കരണം അല്ലെങ്കിൽ കമ്മ്യൂണിറ്റി തല സംവിധാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിവരശേഖരണം. ഈ മാസം 12 വരെ ഒന്നര ലക്ഷത്തോളം പേർ വിവരശേഖരണത്തിന്റെ ഭാഗമാകും. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് വിവരശേഖരണ പ്രവർത്തനങ്ങൾ.

==========================================

**കണ്ണൂർ-ഔഷധ ഗ്രാമം**

കണ്ണൂർ കല്യാശ്ശേരി മണ്ഡലത്തിൽ ഔഷധ ഗ്രാമം രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി കൃഷി ചെയ്ത കുറുന്തോട്ടി വിളവെടുപ്പ് ആരംഭിച്ചു. രാവിലെ ഏഴോം പഞ്ചായത്തിലെ പാറമ്മലിൽ എം വിജിൻ എം.എൽ.എ വിളവെടുപ്പ് ഉത്സവം ഉദ്ഘാടനം ചെയ്തു. ഒമ്പത് പഞ്ചായത്തുകളിലായി 100 ഏക്കറിലാണ് കുറുന്തോട്ടി കൃഷി ചെയ്തത്. 97 കർഷകർ കൃഷിയുടെ ഭാഗമായി. വിളവെടുത്ത കുറുന്തോട്ടിയും വിത്തും ഔഷധിയാണ് ശേഖരിക്കുന്നത്.

==========================================

RNU TVPM

## നിയമസഭ പുസ്തകോത്സവം

കേരള നിയമസഭ രാജ്യാന്തര പുസ്തകോത്സവത്തിന് നാളെ തുടക്കം. രാവിലെ ആർ ശങ്കര നാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുസ്തകോത്സവം ഉദ്ഘാടനം ചെയ്യും. കലാ-സാഹിത്യ-സാംസ്കാരിക മേഖലകളിലെ സമഗ്ര സംഭാവനയ്ക്ക് നിയമസഭ നൽകുന്ന പുരസ്കാരം എം. മുകുന്ദന് മുഖ്യമന്ത്രി സമ്മാനിക്കും. 150-ലധികം ദേശീയ രാജ്യാന്തര പ്രസാധകർ പുസ്തകോത്സവത്തിൽ പങ്കെടുക്കും.

=====================

==============================

==============================================

RNUTVPM